**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1798** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. വാഹനം തടഞ്ഞ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഭരണകക്ഷി എം.എൽ.എ.യും തിരുവനന്തപുരം മേയറും ഉൾപ്പെടെയുള്ളവർ കെ.എസ്.ആർ.ടി.സി. വാഹനം തടഞ്ഞ സംഭവത്തിൽ അന്വേഷണം പൂർത്തിയാക്കിയോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | പരാമർശ വിഷയം സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. ടി സംഭവത്തിന്റെ പ്രധാന തെളിവായ ദൃശ്യങ്ങൾ അടങ്ങിയ മെമ്മറികാർഡ് നഷ്ടപ്പെട്ടതിനാൽ അന്വേഷണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രധാന തെളിവായ മെമ്മറികാർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 01.05.2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No. 416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പോലീസ്, ഫോറൻസിക് വിഭാഗങ്ങളുടെ അന്വേഷണം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ